كنيسة مارتوما – أبوظبي

THE MAR THOMA CHURCH ABU DHABI

തീയതി: 18/09/2020

സ്ഥലം: അബുദാബി

**കൊറോണ വൈറസ് വ്യാപനം തടയുന്നതിന് ആരാധനാലയങ്ങൾ സ്വീകരിക്കേണ്ട നടപടികൾ :**

**ആരാധനാ സമൂഹത്തിന് Department of Community Development ( DCD ) നൽകിയിട്ടുള്ള വിജ്ഞാപനവും ഓൺലൈൻ രജിസ്ട്രേഷനുള്ള മാർഗ്ഗനിർദ്ദേശങ്ങളും :**

**1. ഓൺലൈൻ രജിസ്ട്രേഷൻ ഇടവക അംഗങ്ങൾക്ക് മാത്രമാണ്. ആരാധനയിൽ പങ്കെടുക്കാൻ ഓരോ വ്യക്തിക്കും പ്രത്യേക രജിസ്ട്രേഷനും മുൻകൂർ അനുമതിയും ആവശ്യമാണ്.**

2. ആരാധനയിൽ പങ്കെടുക്കുന്ന എല്ലാവരുടെയും മൊബൈൽ ഫോണുകളിൽ "**AL HOSN** " ആപ്ലിക്കേഷൻ നിർബന്ധമായും download ചെയ്തിരിക്കണം.

3. ചുമ അല്ലെങ്കിൽ ജലദോഷം പോലുള്ള പകർച്ചവ്യാധികൾ അനുഭവപ്പെടുന്ന സാഹചര്യത്തിൽ ആരാധനയിൽപങ്കെടുക്കുന്നത് ഒഴിവാക്കുക, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിൽ ആവശ്യമായ ചികിത്സ നേടുക.

4. ഗർഭിണികളും, രോഗപ്രതിരോധശേഷിയില്ലാത്തവരും , ശ്വാസകോശ സംബന്ധമായ അസുഖങ്ങളുള്ളവരും അവരുടെ സുരക്ഷയെകരുതി ഭവനങ്ങളിൽ തന്നെ തുടരേണ്ടതാണ്.

5. യാത്ര ചെയ്തിട്ടുണ്ടെങ്കിൽ, വീട്ടിൽ തന്നെ തുടരുകയും നിബന്ധനകൾക്ക് വിധേയമായി 14 ദിവസത്തിൽ കുറയാത്ത കാലയളവിൽ മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുകയും വേണം. ഈ കാലയളവിനുശേഷം, പകർച്ചവ്യാധികളുടെ അഭാവം തെളിയിക്കുന്ന രേഖകൾ നൽകണം.

6. ആരാധനയിൽ പങ്കെടുക്കുന്നതിന് **പ്രായപരിധിയില്ല.**

7. **പ്രാർത്ഥനാ ഗ്രൂപ്പ്** അടിസ്ഥാനത്തിലായിരിക്കും രെജിസ്ട്രേഷൻ.

8. രജിസ്ട്രേഷൻ **വെള്ളിയാഴ്ച മുതൽ ഞായറാഴ്ച** വരെയായിരിക്കും.

9. **195 സീറ്റുകൾ** മാത്രമേ ഉള്ളൂ എന്നതിനാൽ രജിസ്ട്രേഷൻ പരിമിതപ്പെടുത്തും.

10. ഹസ്തദാനം ഒഴിവാക്കി , ദൂരെനിന്നും അഭിവാദ്യം ചെയ്യുന്ന രീതി അവലംബിക്കുക.

11. ആരാധനയ്ക്ക് മുമ്പും ശേഷവും നിങ്ങളുടെ കൈകൾ അണുവിമുക്തമാക്കുക

12. **മുഖാവരണവും ( MASK ) കയ്യുറകളും ( GLOVES )** ദൈവാലയ അങ്കണത്തിലും, ദൈവാലയത്തിൽ ആരാധനാ സമയത്തും നിർബന്ധമായും ധരിച്ചിരിക്കേണ്ടതാണ്.

13. ആരാധനയിൽ പങ്കെടുക്കുന്നവർ, ദൈവാലയത്തിനകത്തും ,ദൈവാലയാങ്കണത്തിലും പരസ്പരം **രണ്ട് മീറ്റർ അകലം** പാലിക്കണം.

14. വാതിൽപ്പിടികളിൽ സ്പർശിക്കുന്നത് ഒഴിവാക്കുക, കാരണം ഇത് അണുബാധയും വൈറസും പകരുന്നതിന് കാരണമാവും.

15. **വേദപുസ്തകവും ആരാധനാക്രമവും** അവരവർ തന്നെ കൊണ്ടുവരേണ്ടതാണ്.

16. **വാട്ടർ ഡിസ്പെൻസറുകളോ വാട്ടർ ബോട്ടിലുകളോ ടിഷ്യു ബോക്സുകളോ** ദൈവാലയത്തിൽ ഉണ്ടായിരിക്കുന്നതല്ല . ആരാധനയിൽ പങ്കെടുക്കുന്നവർക്ക്, സ്വന്തമായി Bottled Water കൊണ്ടുവരാൻ കഴിയും.

17. **ശുചിമുറികൾ** പൂർണ്ണ സമയവും അടച്ചിട്ടിരിക്കുകയായിരിക്കും.

18. ആരാധനയ്ക്ക് **15 മിനിറ്റ് മുമ്പ്** ദൈവാലയാങ്കണത്തിലേക്ക് പ്രവേശനം അനുവദിക്കും.

19. ആരാധനയിൽ പങ്കെടുക്കുന്നവർ , **ശുശ്രൂഷ അവസാനിച്ച ഉടൻ** പുറത്തേക്കു പോകുവാൻ നിഷ്കർഷിച്ചിരിക്കുന്ന വാതിലിലൂടെ പോകേണ്ടതാണ്.

20. അടയാളപ്പെടുത്തിയ മേഖലയിലൂടെ മാത്രമേ പ്രവേശനവും പുറത്തുകടക്കലും അനുവദിക്കൂ.

21. ദൈവാലയാങ്കണത്തിലേക്കു പ്രവേശിക്കേണ്ടത് **ഗേറ്റ് നമ്പർ 1** മുഖേനയും ആരാധനയ്ക്ക് ശേഷം പുറത്തേക്കു പോകേണ്ടത് **ഗേറ്റ് നമ്പർ 3** മുഖേനയും ആയിരിക്കും. ഗേറ്റ് നമ്പർ 2 ഉം 4 ഉം അടച്ചിട്ടിരിക്കുകയായിരിക്കും.

22. ദൈവാലയത്തിലേക്കുള്ള പ്രവേശനം **പ്രധാന വാതിലിലൂടെ** മാത്രമേ അനുവദിക്കൂ. (**37 ഡിഗ്രി സെൽഷ്യസിനു** മുകളിൽ ഉയർന്ന താപനില ഉണ്ടെന്നു കണ്ടെത്തിയാൽ ദൈവാലയത്തിൽ പ്രവേശിക്കാൻ അനുവദിക്കുകയില്ല.)

23. ശുശ്രൂഷയിൽ പങ്കെടുക്കുന്നവർ പൂർണസമയവും , അനുവദിച്ചിട്ടുള്ള നിശ്ചിത സ്ഥാനത്തു (സ്റ്റിക്കർ / മാർക്ക്) തന്നെ തുടരേണ്ടതാണ്.ഏതെങ്കിലും കാരണത്താൽ പുറത്തു പോയാൽ പുനഃപ്രവേശനം അനുവദിക്കുന്നതല്ല.

24. ജന്മദിനവും വിവാഹ വാർഷികവും ആഘോഷിക്കുന്നവർ, സമർപ്പണ പ്രാർത്ഥനയുടെ സമയത്ത് അതേ സ്ഥലത്ത് എഴുന്നേറ്റു നിൽക്കണം.

25. ആരാധനാമദ്ധ്യേ സ്തോത്രകാഴ്ച സ്വീകരിക്കുന്നതല്ല , പകരം എക്സിറ്റ് വാതിലുകൾക്ക് സമീപം ക്രമീകരിച്ചിരിക്കുന്ന പെട്ടിയിൽ സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്.

26. ദൈവാലയാങ്കണത്തിലും ദൈവാലയത്തിനകത്തും സന്നദ്ധ സേവകർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. കോവിഡ് പെരുമാറ്റച്ചട്ടങ്ങൾ പാലിക്കാത്തതിന് സർക്കാർ ചുമത്തുന്ന പിഴകൾക്കു അബുദാബി മാർത്തോമാ ഇടവകയ്ക്ക് **ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.**

**ഇടവകയ്ക്ക് വേണ്ടി**

**മാത്യു ടി.എം. ( ഇടവക സെക്രട്ടറി ).**